# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5083 04.07.2012 -ൽ മറുപടിയ്ക്ക്

### കസ്റ്റഡി / ലോക്കപ്പ് മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. കെ. ബാലൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) 2011 മേയ് 18 – ന് ശേഷം എത്രപേർ പോലീസ് കസ്റ്റഡിയിലോ, ലോക്കപ്പിലോ മരണമടഞ്ഞിട്ടുണ്ട് ; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) 2011 മേയ് 18 –ന് ശേഷം രണ്ടു പേർ പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞിട്ടുണ്ട്.<br><br>1. ക്രൈം ബ്രാഞ്ച് സി.ഐ.ഡി. ക്രൈം നം. 219/CR/APC/2012 -ലെ ആന്റി പൈറസി കേസ്സിലെ എട്ടാം പ്രതിയായ അശോക് കസ്റ്റഡിയിലിരിക്കെ തെളിവെടുപ്പിനായി കൊണ്ടു പോയപ്പോൾ, 27.05.2012 – ന് ബാംഗ്ലൂരിൽവച്ച് ആത്മഹത്യ ചെയ്തു.<br><br>2. 04.06.2012 ന്, മദ്യപിച്ച് വാഹനം ഓടിച്ചതിന് പൊൻകുന്നം പോലീസ് കസ്റ്റഡിയിലെടുത്ത സജി ജോൺ എന്നയാൾക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും, ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി ഹൃദ്രോഗം മൂലം മരണം സംഭവിക്കുകയും ചെയ്തു.<br><br>ലോക്കപ്പിൽ ആരും മരണമടഞ്ഞിട്ടില്ല. |
| ബി) ഇതിൽ പോലീസ് മർദ്ദനം മൂലം മരണമടഞ്ഞവർ എത്ര ; ആത്മഹത്യ ചെയ്തവർ എത്ര ; ചികിത്സയിലിരിക്കെ മരണമടഞ്ഞവർ എത്ര ; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകുമോ ; | (ബി) പോലീസ് മർദ്ദനം മൂലം ആരും മരിച്ചിട്ടില്ല. പോലീസ് കസ്റ്റഡിയിലിരിക്കെ ഒരാൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. ചികിത്സയിലിരിക്കെ ആരും മരിച്ചിട്ടില്ല.<br><br>പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>ക്രൈം ബ്രാഞ്ച് സി. ഐ. ഡി. - 1 (ആത്മഹത്യ) |
| സി) ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരുടെ പേരിൽ എന്തെല്ലാം അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ക്രൈം ബ്രാഞ്ച് സി. ഐ. ഡി. ക്രൈം നം 219/CR/APC/2012 -ലെ ആന്റി പൈറസി കേസ്സിലെ എട്ടാം പ്രതിയായ അശോക് കസ്റ്റഡിയിലിരിക്കെ ആത്മഹത്യ ചെയ്ത സംഭവത്തിൽ കേരള പോലീസിലെ നാല് ഉദ്യോഗസ്ഥരെ പ്രതി ചേർത്ത് ബാംഗ്ലൂരിലെ എലഹങ്ക പോലീസ് സ്റ്റേഷൻ ക്രൈം നം. 144/2012 u/s 302, 506, 201 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ